പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3060

28.1.2014- ൽ
മറുപടിക്ക്

# കയർ ഉൽപ്പന്നങ്ങളുടെ വിപണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഗീതാ ഗോപി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ വ്യവസായം സംരക്ഷിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച പ്രധാന നടപടികൾ വിശദീകരിക്കുമോ; | (എ)<br>• കയർ മേഖലയുടെ സമഗ്ര വികസനത്തിനായി കേന്ദ്ര വിഹിതം 4 കോടി രൂപ ഉൾപ്പെടെ 104.70 കോടി രൂപ 2012-13 വർഷത്തെ പദ്ധതിയിനത്തിൽ വകയിരുത്തി. 2013-14 ൽ 116,37,00,000/- (കേന്ദ്ര വിഹിതം 5 കോടി) രൂപയും വകയിരുത്തി.<br>• പ്രവർത്തനമൂലധനത്തിന്റെ പരിധി വർദ്ധിപ്പിച്ച് പ്രവർത്തന ക്ഷമമായ എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406/-, 8,96,92,648/-, 1,45,25,260/- രൂപ അനുവദിച്ചു.<br>• കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 260/- രൂപയായും, ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 360/- രൂപയായും വർദ്ധിപ്പിച്ചു.<br>• കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി.<br>• തൊണ്ട് സംഭരണം ശക്തമാക്കുവാൻ കയർ പിരി സംഘങ്ങൾക്ക് 1,00,000/- രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകിയും പച്ചത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 7.5 പൈസയിൽ നിന്നും 10 പൈസയായി വർദ്ധിപ്പിച്ചും, തൊണ്ട് സംഭരിക്കുന്ന അംഗത്തിന് നൽകിയിരുന്ന പ്രതിദിനബത്ത 100/- രൂപയിൽ നിന്നും 150/- രൂപയായി വർദ്ധിപ്പിച്ചും തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ച് |

| | |
|---|---|
| | നടപ്പിലാക്കി വരുന്നു.<br>• കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന - സൗകര്യ വികസനത്തിന് 2011-12 ൽ 1,27,50,175/- രൂപയും 2012-13 ൽ 2,07,59,149/- രൂപയും ഈ വർഷം ഈ ഇനത്തിൽ 9,73,27,903/- രൂപയും അനുവദിച്ചു.<br>• മലബാർ മേഖലയിലെ കയർ സഹകരണ - സംഘങ്ങളിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കോഴിക്കോട് പ്രോജക്ടിനു കീഴിലെ 10 കയർ പിരി സംഘങ്ങൾക്കും, കണ്ണൂർ, പൊന്നാനി പ്രോജക്ടിന് കീഴിലെ 5 കയർ പിരി സംഘങ്ങൾക്കു വീതവും പ്രയോജനം ലഭിക്കുന്ന രീതിയിൽ ഒരു പ്രത്യേക പാക്കേജിന് അംഗീകാരം നൽകി. 4.90 കോടി രൂപ 2012-13 വർഷം ഇതിനായി അനുവദിച്ചു.<br>• കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും ആഭ്യന്തര-വിദേശ വിപണി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് "കയർ കേരള" അന്താരാഷ്ട്ര പ്രദർശനമേള 2012, 2013 വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു. 2014 ലും കയർമേള - സംഘടിപ്പിക്കുന്നു.<br>• ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു. |
| (ബി) കയർ ഉൽപ്പന്നങ്ങളുടെ വിദേശ വിപണി സാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ? | ബി) കയർ ഉൽന്നങ്ങളുടെ വിദേശവിപണിസാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശ രാജ്യങ്ങളിൽ നടക്കുന്ന വിവിധ അന്താരാഷ്ട്ര എക്സിബിഷനുകളിൽ കയർ മേഖലയിലെ വിവിധ സ്ഥാപനങ്ങൾ പങ്കെടുത്തുവരുന്നു. വിദേശ വിപണി കൂടി ലക്ഷ്യമിട്ട് ആലപ്പുഴയിൽ "കയർ കേരള" അന്താരാഷ്ട്ര എക്സിബിഷൻ 2011 മുതൽ നടത്തി വരുന്നു. വിദേശ വിപണി ഓർഡർ ലഭിക്കുന്നതിനായി ബയർ സെല്ലർ മീറ്റുകൾ സംഘടിപ്പിക്കുകയും പങ്കെടുക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ